**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **02-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷികേതരമേഖലയിൽ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികേതരമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | എ)കാർഷികേതര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രത്യേകം പദ്ധതികൾ ഒന്നും തൊഴിൽ വകുപ്പ് മുഖാന്തരം ആരംഭിച്ചിട്ടില്ല. എന്നാൽ തൊഴിൽ വകുപ്പിന് കീഴിലെ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിലെ വിവിധ തലത്തിലുള്ള തൊഴിൽ രഹിതരെ സ്വയം തൊഴിലിലേക്ക് ആകർഷിച്ച് അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി സ്വയം പര്യാപ്തമാക്കുന്നതിന് നിലവിൽ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 1) കെസ്റ്റു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21- 50 പ്രായപരിധിയിലുള്ള തൊഴിൽ രഹിതർക്കുള്ള വ്യക്തിഗത സ്വയം തൊഴിൽ പദ്ധതിയായ കെസ്റ്റു, വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. പരമാവധി വായ്പത്തുക ഒരു ലക്ഷം രൂപയും സബ്ഡിഡി വായ്പ തുകയുടെ 20% രൂപയുമാണ്. 2) മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് / ജോബ് ക്ലബ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കുള്ള സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് പരമാവധി വായ്പ10 ലക്ഷം രൂപയും സബ്സിഡിയായി വായ്പാതുകയുടെ 25% (പരമാവധി 2 ലക്ഷം രൂപ ) രൂപയുമാണ്. (3) ശരണ്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾ, വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താവുള്ള വനിതകൾ എന്നിവർക്കു മാത്രമായുള്ള സ്വയം |

| | | | |
|---|---|---|---|
| | | | തൊഴിൽ പദ്ധതിയാണിത്. വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സാധാരണ ഗതിയിൽ പരമാവധി വായ്പ 50000/- രൂപയും സബ്സിഡി 50%. രൂപയും ആണ്. (4) കൈവല്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്ക് മാത്രമായിട്ടുള്ള സ്വയം തൊഴിൽ പദ്ധതി. വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സാധാരണ ഗതിയിൽ പരമാവധി വായ്പ 50000/- രൂപയും സബ്സിഡി 50%. രൂപയുമാണ്. (5) നവജീവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻമാർക്കുള്ള (50-65 പ്രായപരിധി) സ്വയം തൊഴിൽ പദ്ധതി. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് പരമാവധി വായ്പ 50000/- രൂപയും സബ്സിഡി വായ്പാ തുകയുടെ 25% രൂപയുമാണ്. |

സെക്ഷൻ ഓഫീസർ